I/137571/2023

**പാലക്കാട് തദ്ദേശസ്വയംഭരണവകുപ്പ് ഇന്റേണൽ വിജിലൻസ് ഓഫീസറുടെ നടപടിക്രമം**
(ഹാജർ: കെ സതീഷ്കുമാർ)

സംഗ്രഹം:- തദ്ദേശസ്വയംഭരണ വകുപ്പ്- പാലക്കാട് ജില്ല- സിറ്റിസൺ അസിസ്റ്റന്റ് ഉപജില്ലാ സ്ഥിരം അദാലത്ത് സമിതി - 2 - തീരുമാനം സംബന്ധിച്ച്

പരാമർശം:- 1. ശ്രീ മുജീബ് റഹ്മാൻ, പടിപ്പുരക്കാട്ടിൽ, മണ്ണൂർ വെസ്റ്റ് എന്നയാൾ തന്റെ പെർമിറ്റ് പുതുക്കി നൽകുന്നില്ലെന്ന് ബഹു. മന്ത്രിക്ക് നൽകിയ പരാതി

2. ഉപജില്ലാ സ്ഥിരം അദാലത്ത് സമിതി(2) യുടെ 13/11//2023തിയതിയിലെ തീരുമാനം

**ഉത്തരവ് നമ്പർ: LSGD/JD/PKD/6384/2023-I2 തീയ്യതി: 28-11-2023**

മേൽ സൂചന (1) പ്രകാരം ശ്രീ മുജീബ് റഹ്മാൻ, പടിപ്പുരക്കാട്ടിൽ, മണ്ണൂർ വെസ്റ്റ് എന്നയാൾ തന്റെ പെർമിറ്റ് (Permit No. 3/401/1516) പഞ്ചായത്തിൽ നിന്നും പുതുക്കി നൽകുന്നില്ലെന്ന് ബഹു. മന്ത്രിക്ക് നൽകിയ പരാതി, ബഹു. പ്രിൻസിപ്പൽ ഡയരക്ടറുടെ കാര്യാലയത്തിൽ നിന്നും ഉപജില്ലാ സ്ഥിരം അദാലത്ത് സമിതിക്ക് അയച്ചു നൽകുകയും, സൂചന (2) പ്രകാരം ഉപജില്ലാ സ്ഥിരം അദാലത്ത് സമിതിയുടെ 13/11//2023 തിയതിയിലെ യോഗത്തിൽ അത് ചർച്ച ചെയ്യുകയും ചെയ്തു.

മണ്ണൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ലഭ്യമായ റിപ്പോർട്ട് പ്രകാരം ശ്രീ മുജീബ് റഹ്മാന് അനുവദിച്ച പെർമിറ്റിന്റെ കാലാവധി 15/02/2019 ന് പൂർത്തീകരിച്ചതായും, ടി പെർമിറ്റ് പുതുക്കി ലഭിക്കുന്നതിനായി ലഭിച്ച അപേക്ഷ പ്രകാരം, അനുവദിച്ച പെർമിറ്റിൽ നിന്നും വ്യതിചലിച്ചതിനാലും, പണി പൂർത്തീകരിച്ചതിനാലും പെർമിറ്റ് പുതുക്കി നൽകാൻ ആവില്ല എന്നും നിർമ്മാണം ക്രമവൽക്കരിക്കേണ്ടതാണ് എന്നും അപേക്ഷകനെ അറിയിച്ചിട്ടുള്ളതാണ് എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് LID&EW അസിസ്റ്റൻറ് എൻജിനീയറിങ് നിന്നും ലഭിച്ച റിപ്പോർട്ടു പ്രകാരം പെർമിറ്റ് അനുവദിച്ചിരുന്ന 219 ചതുരശ്ര മീറ്റർ വിസ്തീർണത്തിൽ നിന്നും വ്യതിയാനം വരുത്തി 223 ചതുരശ്ര മീറ്ററിൽ ആണ് കെട്ടിടം പൂർത്തീകരിച്ചിട്ടുള്ളത് എന്നും പെർമിറ്റ് കാലാവധി തീരുന്നതിന് മുമ്പ് പുതുക്കുകയോ, ഘടനയിൽ മാറ്റം വരുത്തിയതിന് റിവൈസ്ഡ് പെർമിറ്റിനുള്ള അപേക്ഷ തന്നിരുന്നില്ല എന്നും പെർമിറ്റ് അനുവദിക്കുന്ന സമയത്ത് ഉള്ള ലൈസൻസിയെ മാറ്റി പുതിയ ലൈസൻസിയെ കൊണ്ട് അപേക്ഷ തരുന്നതിന് ഉള്ള അനുവാദം വാങ്ങിയിരുന്നില്ല എന്നും റിപ്പോർ ട്ട് ചെയ്തിട്ടുണ്ട് ആയതുകൊണ്ട് പൂർത്തിയായ കെട്ടിടം ക്രമവത്കരണം നടത്തണമെന്ന് അപേക്ഷകനെ ഒരിക്കൽ കൂടി അറിയിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു. ഈ വിവരം 7 ദിവസത്തിനകം അപേക്ഷകനെ അറിയിക്കേണ്ടതും, അപേക്ഷകനിൽ നിന്നും പുതിയ അപേക്ഷ ലഭിക്കുന്ന മുറക്ക്, 30 ദിവസത്തിനകം റെഗുലറൈസ് ചെയ്ത് കെട്ടിട നമ്പർ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

കെ സതീഷ്കുമാർ
ഇന്റേണൽ വിജിലൻസ് ഓഫീസർ

Signed by Satheeshkumar K
Date: 28-11-2023 21:07:40
Reason: Approved